61st Kerala State School Kalolsavam - Jan 03 To 07, 2023
Kozhikode

Item Code: 950 Participant Code: 111

# നമ്മൾ

ശ്രീലക്ഷ്മി

അർക്കരശ്മികൾ ആ ഇരുണ്ട പാറപ്പുറത്തിൽ തട്ടി തിരിച്ചുപോയ്ക്കൊണ്ടിരുന്നു. അവ അവശേഷിപ്പിച്ച സൂര്യകണങ്ങൾ കരിമ്പാറക്കൂട്ടങ്ങൾക്ക് മേടിക്കൂട്ടി. അലയടിച്ചുയരുന്ന തിരമാലകൾ സമ്മാനിച്ച ഈർപ്പം നുകരുവാൻ സൂര്യകണങ്ങൾ വെമ്പലെടുക്കുകയായിരുന്നിരിക്കാം. ആ നനവിൽ മുങ്ങി കൂനിക്കൂടിയിരുന്ന കറുത്ത പക്ഷി ദുഃഖത്തിന്റെ മൂടുപടവുമായി അകലെ ചക്രവാളത്തിലേക്ക് പറന്നുപോയി, ദൂരെയെവിടെയോ കണ്ണീർമഴ നനയുവാൻ....

നേത്ര, പതിനെട്ടോടടുപ്പിച്ച് പ്രായം. അവൾക്കെന്നിലെ സൗന്ദര്യത്തിളക്കമെന്നുടെ. താമരയിതൾപോലും തോൽക്കുന്ന മേനി. വെണ്ണ നിറമായിരുന്നു അതിന്. ദേഹത്തിന്റെ ഒരു ഭാഗം രണ്ടു കണ്ണുകൾ കവർന്നെടുത്തിരിക്കുന്നു. ചാരനിറമുള്ള അവ ജനലിലൂടെ ഇറങ്ങിവന്ന സൂര്യപ്രകാശത്തിൽ തിളങ്ങുന്നുണ്ടായിരുന്നു. ആ പ്രകാശം അവളുടെ മുഖത്തിന് ഒന്നുകൂടെ തിളക്കമേറ്റി. ഇടതൂർന്ന മുടിയിൽ ഒരു തുളസിക്കതിർ

(Note: Graded Items may be published in Schoolwki. So write neatly. Don't fold paper. Don't write overleaf)

61st Kerala State School Kalolsavam - Jan 03 To 07, 2023
Kozhikode

61-ാമത് കേരള സ്കൂൾ കലോത്സവം 2023 ജനുവരി 3 - 7 കോഴിക്കോട്

Item Code: 950 Participant Code: 111

ചുടി കറുത്ത ലൈനും ചേർന്ന കരയുള്ള
സെറ്റും മുണ്ടുമായിരുന്നു വേഷം. നെറ്റിയിൽ ഒരു
ചെറിയ തിലകം. കണ്ടമാത്രയിൽ തന്നെ ആരുടെയും
ഹൃദയം കവർന്നെടുക്കാൻ അവൾക്ക് കഴിഞ്ഞിരുന്നു.
ഗോപുരത്തിന് തെക്കേടത്ത് തറവാട്ടിലെ ഒരേ ഒരു
പുത്രിയും. നാട്ടുകാർ എല്ലാവരും ആദരിക്കുന്ന
ഒരു കുടുംബമായിട്ടുപോലും അവരോടെല്ലാം തീർത്തും
വിദ്വേഷമായിരുന്നു അവൾക്ക്. മുറിയും പാടവും
നാഗക്കാവും, അതായിരുന്നു അവളുടെ ലോകം.
ഈ ഒരുക്കവും നാഗക്കാവിലേക്ക് പുറപ്പെടാനുള്ളതായിരുന്നു.
എന്നും രാവിലെയും രാത്രിയിലും നാഗക്കാവിൽ വിളക്കു-
-വയ്ക്കുക നേരമാണ്. പടിക്കെട്ടുകൾ ഓരോന്നായി
ഇറങ്ങി നേരെ അവൾ ചെന്നത് അമ്മയുടെ മുന്നിലേക്കാ-
-ണ്. ഒന്നും അമ്മ ചോദിച്ചതുമില്ല അവളൊട്ടു പറഞ്ഞ-
-തുമില്ല. ഇരുവർക്കും അറിയാമായിരുന്നു നാഗക്കാവാണ്
വിഷയമെന്ന്.

കോലായിൽ നിന്ന് വിളക്ക് കൊളുത്തു-
-വാനുള്ള തിരിയുമെടുത്ത് നേരെ നടന്നു. പാടവരമ്പിലൂടെ
നടന്നുവരുന്ന അവളെ കണ്ടപാടെ പണിനിർത്തിവച്ച്

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)

61st Kerala State School Kalolsavam - Jan 03 To 07, 2023
Kozhikode

Item Code: 950 Participant Code: 111

കോരനും കൂട്ടരും വഴിമാറി നിന്നു. ഈ സമ്പ്രദായം അവൾക്ക് തീരെ ഇഷ്ടമില്ലാത്തതായിരുന്നു. അച്ഛനും മകളും തമ്മിൽ നിരന്തരമായ വാക്കുതർക്കം നടക്കുക ഇതിനെ ചൊല്ലിയാകും. കോരന്റെ പ്രവൃത്തി കണ്ടിട്ടും കാണാത്ത ഭാവത്തിൽ അവൾ വരമ്പിലൂടെ ഇറങ്ങി അവന്റെ അടുത്തേക്ക് ചെന്നു. ചുറ്റുമാരുമില്ലെങ്കിലും ഒരു അമ്പരപ്പോടെ അവൻ അവളുടെ വരവിനെ നോക്കിനിന്നു.
"കോരാ, ഇക്കൊല്ലം ഞാറ്റുവേലക്ക് ഞാനും ഇണ്ടാവും കേട്ടോ, നമ്മക്ക് അങ്ങ് ഉഷാറാക്കാം എല്ലാർക്കും കൂടി, എന്ത്യേ?"

അമ്പരപ്പോടെ കോരൻ അവളെ നോക്കി ചോദിച്ചു.
"എന്തിനാ അമ്പാട്ടി ഞമ്മന്റെ അട്ക്കല് വരണെ ഞാള് തീണ്ടികൂടാത്തോരാ, അറിയേല അമ്പാട്ടിക്ക്?"

തെല്ലുപോലും ആ മറുപടി കൂസാതെ അവൾ ചിരിച്ചുകൊണ്ട് പറഞ്ഞു "നമ്മളെല്ലാം മനുഷ്യരല്ലേ? ഒരേ മണ്ണിൽ ജീവിക്കണോര്, ഒരേ ചോറ് തിന്നണോര്"
അവളുടെ മറുപടിക്ക് മുന്നിൽ ഒന്നും പറയാനാകാതെ നിന്ന കോരന്റെ മുന്നിലൂടെ അത്യാഹ്ലാദത്തോടെ

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)

അവൾ നടന്നുപോയി.

നേരം ഇരുട്ടായിരിക്കുന്നു. പാടത്തി-
-നക്കരെ ഓലമേഞ്ഞകൂരകളിലെല്ലാം റാന്തലുകൾ ആളി-
-ക്കത്തിതുടങ്ങി. അങ്ങേക്കരയിലെ അമ്പലത്തിൽ നിന്ന്
സന്ധ്യാനാമം ഉച്ചത്തിൽ ആരോ പാടുന്നുണ്ടായിരുന്നു.
സർപ്പക്കാവിലെ നാഗങ്ങൾ മാത്രം മരതകക്കണ്ണുകൾ
തുറന്ന് അവളുടെ വരവിനായിക്കാത്തിരുന്നു.
അവളുടെ ജീവിതത്തിലെല്ലാം ഒരു ദിനചര്യയായിരിക്കുന്നു
ഈ പ്രവൃത്തി. വന്നുവന്നു. മരതകക്കണ്ണുകൾക്ക്
തിളക്കമേറി. നേരുള്ള പാദങ്ങൾ സർപ്പക്കാവിൽ
ഉച്ചത് അറിഞ്ഞതെന്നോണം അവ പൊത്തുകളിൽ
നിന്നും പുറത്ത് വന്ന് രണ്ടായിപിളർന്നനാവുകൾ
നീട്ടുവാൻ വെമ്പൽകൂട്ടി. കാവിലെ പ്രതിഷ്ഠയുടെ
നടുവിലായ് അവൾ ആ വിളക്ക് വച്ചു. [illegible]
ആർക്കോ വേണ്ടി കാക്കുവതെന്നോണം കൈകൾ കൂപ്പി-
-യുള്ള പ്രാർത്ഥന ഏറെ നീണ്ടുപോയി. ചുറ്റിലും മൂകത.
വിളക്കിന്റെ പ്രകാശത്തിൽ അവളുടെ മുഖം ഒന്നുകൂടി
തിളങ്ങി. പെട്ടെന്ന് ഒരു നനുത്ത പുഞ്ചിരി അവളുടെ
അധരങ്ങളിൽ നിറഞ്ഞു. അത് കണ്ട് മനം

(Note: Graded Items may be published in Schoolwki. So write neatly. Don't fold paper. Don't write overleaf)

Item Code: 950 Participant Code: 111

നിറഞ്ഞവണ്ണം നാഗങ്ങൾ ഒരോന്നായി പുറ്റിലേക്ക് വീണ്ടും അദൃശ്യമായി. താമരപ്പൂവുപോൽ കൂമ്പി-നിന്ന അവളുടെ കൈകൾക്ക് മേൽ ബലിഷ്ഠമായ ഒരു കൈ പതിഞ്ഞു. അവ അവളെ കൂടുതൽ ചേർത്തു പുണർന്നു. ചെന്തൊണ്ടിപ്പഴം പോലെ ഭംഗിയുള്ള ആ ചുണ്ടുകൾ വിടർന്നു. ആ കൈകളെ കോരിയെടുത്തു കൊണ്ട് തിരിഞ്ഞു അവൻ പറഞ്ഞു " എനിക്കറിയാമായി-രുന്നു വരുന്നത് ഞാനുമെന്ന്". അവളുടെ കണ്ണുകൾ കൂടുതൽ പ്രകാശത്തോടെ തിളങ്ങി. എത്രയോ നാളിനുശേഷമുള്ള കണ്ടുമുട്ടൽ ആണിത്. നാഗക്കാവിന്റെ മൂടുപടവുമായി എത്രയോ കാലങ്ങളായി താൻ ആരുമറിയാതെ സൂക്ഷിക്കുന്ന രഹസ്യം. തനിക്കും നാഗദൈവങ്ങൾക്കും മാത്രമറിയുന്ന കഥ. തന്റെ പ്രിയതമൻ ഇതാ മുന്നിൽ, എന്തു ചെയ്യണമെന്നറിയാതെ നിന്ന അവളുടെ മുഖത്തെ തെല്ലൊന്നു തലോടിയശേഷം അവൻ പറഞ്ഞു:

" എങ്ങനെ വരാതിരിക്കാനാണ്, ഈ കണ്ണുകൾ എന്റെ ഹൃദയത്തിന്റെ മിടിപ്പ് കൂട്ടുമ്പോൾ ?. നാണത്താൽ അവളുടെ മുഖം ചുവന്നു. "പക്ഷേ, നിനക്കറിയില്ലേ എപ്പോഴും നമുക്ക് കാണാൻ കഴിയില്ലെന്ന്, നാം മാത്രം അറിയുന്ന രഹസ്യമാണിത്, അത് മറ്റാരും

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)

# 61st Kerala State School Kalolsavam - Jan 03 To 07, 2023
Kozhikode

Item Code: 950 Participant Code: 111

അറിഞ്ഞാൽ, നീ തമ്പുരാട്ടിയാണ് ഞാനോ മണ്ണിൽ പണിയെടുക്കുന്നവനും, ദൃഷ്ടിയിൽ പോലും വരാനാകാത്ത ഞാൻ എങ്ങനെയാണ് നിനക്ക് എത്തുന്നതെന്ന് നിനക്കറിയാമല്ലോ? നമ്മെ ഒന്നാക്കുക ആ ഒറ്റകാര്യം കൊണ്ട്, നമ്മളെ നമ്മളാക്കുന്ന ആ കാര്യം!"

അവന്റെ പിടിയിൽ നിന്നും കുതറിമാറിയശേഷം അവൾ പറഞ്ഞു, "അറിയാം, എനിക്കെല്ലാം അറിയാം. മനുഷ്യനെന്ന ഒന്നിനെ ഭേദിക്കുന്ന രണ്ടു മതിലുകൾ നമുക്കിടയിലുണ്ട്. പക്ഷേ നമ്മളാകുന്ന ആ നിമിഷം മാത്രമാണ് ഞാൻ ആഗ്രഹിക്കുന്നത്. ചിന്താ, വരൂ നമുക്ക് ഒന്നാകാം. എനിക്ക് നിന്നോട് അതിയായ പ്രണയം തോന്നുന്നു."

"എല്ലാം മറക്കൂ, മനുഷ്യനെന്ന മുഖംമൂടി മാറ്റൂ, 'നമ്മൾ' എന്ന ഒറ്റ നിമിഷം മതി ഇനി".

അവൻ അവളെ മാറോടുചേർത്തു. കണ്ണടച്ചുകൊണ്ട് അവൾ അവനിലേക്ക് ചാഞ്ഞു. നൊടിയിടയിൽ ഇരുവരും നാഗങ്ങളായി രൂപം മാറി. മരതകക്കണ്ണുള്ള നാഗങ്ങൾ കാവിനിടയിലെ ചെടികൾക്കിടയിലേക്ക് ഇഴഞ്ഞുപോയി.

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)

Item Code: 950 Participant Code: 111

മരങ്ങൾക്കിടയിലൂടെ ഊർന്നിറങ്ങുന്ന നിലാവെളിച്ചത്തിൽ ആ മേനികൾ തിളങ്ങുകയായിരുന്നു. മരതകക്കണ്ണുകൾ യാതൊരു വിധ ഭയവുമില്ലാത്ത ചിരിതൂകിനിന്നു. പൊഴിയുന്ന അവൻ ദിവ്യ മനുഷ്യരൂപം പ്രാപിച്ചു.

അവൻ അവളുടെ അടുത്തേക്ക് നീങ്ങിനിന്നു. രണ്ടായിപിളർന്ന നാവുകൾ ഒന്നായികലർന്നു. അധരങ്ങൾ വിടർത്തി ഇരുവരും ആ നിലാവെളിച്ചം നുകർന്നു. പിന്നെ അവൻ അവളെ തന്റെ മാറിലേക്ക് കൂടുതൽ അടുപ്പിച്ചു. ബന്ധനങ്ങളും അധികാരവുമില്ലാത്ത ആ സ്നേഹം ആഗ്രഹിക്കുന്ന ഒരു പെണ്ണായി അവൾ ഒന്നും മിണ്ടാതെ കിടന്നു. അവൻ തന്റെ അധരങ്ങളാൽ നെഞ്ചിലെ മാറിടങ്ങൾ കവർന്നെടുത്തു. അവന്റെ വിരലുകൾ അവളിൽ പുതിയ പാതകൾ സൃഷ്ടിച്ചു. പ്രണയാഗ്നിയിൽ നീന്തിത്തുടിക്കുന്നവരായി മാറി ഇരുവരും പരസ്പരം പുണർന്നു. രണ്ടായി പിളർന്ന അവന്റെ നാവുകൾ അവളുടെ പൊക്കിൾചുഴിയിൽ ആഴത്തിൽ നൃത്തംചെയ്യുകയായിരുന്നു. നിലാവ് അവളിലേക്ക് നിർത്താതെ ഒഴുകി. അവന്റെ അധരങ്ങൾ അവളെ ഏതോ ലോകം

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)

ത്തിലേക്കാക്കി. സർവ്വം പൂർണതയെ കൈവരിക്കാൻ
അവൻ എല്ലാം അവളിലേക്ക് സമർപ്പിച്ചു. ശീൽക്കാരങ്ങൾ
ഉയർന്നുകേട്ടു. ഒരു ചെറിയ തേങ്ങലോടെ അവൾ എല്ലാം
ഏറ്റുവാങ്ങി. വിയർപ്പുതുള്ളികൾ ഇടറിവീഴുന്ന
ദേഹവുമായ് അവൻ അവളുടെ മാറിടത്തിലേക്ക് മുഖം
താഴ്ത്തി. താമരവള്ളികൾ പോലുള്ള കൈകൾ അവളുടെ.
അവന്റെ മുടിയിഴകളിലൂടെ വിരലോടിച്ചു.

നിശബ്ദത നിറഞ്ഞു നിന്ന ആ
വഴികളെ ഭേദിച്ചുകൊണ്ട് നേത്ര അവനോടായി പറഞ്ഞു.
"ഇതെന്റെ അവസാന ഇണചേരലാണ്. ഇനിയുള്ള
കാലം ഞാൻ അമ്മ ആയിരിക്കും നാഗദൈവങ്ങളുടെ
അമ്മ". പൊടുന്നനെ അവളുടെ കൈകളെ വിടുവിച്ച്
കൊണ്ട് ചാടിയെഴുന്നേറ്റു ചിത്രൻ പറഞ്ഞു "എന്താണീ
പറയുന്നത്? ഇത്രയും കാലം, ഇനി നീ ഇല്ലാതെ എങ്ങനെ
എനിക്ക് പറ്റില്ല". അവന്റെ കുട്ടിത്തം നിറഞ്ഞ മുഖം
കൈക്കുമ്പിളിലാക്കി നേത്ര സമാധാനിപ്പിച്ചു "ചിത്രാ,
എല്ലാം എനിക്കറിയാം. എന്നാൽ ഇതല്ലാതെ മറ്റു വഴിക-
-ളില്ല, നീയല്ലാതെ ഒരു പുരുഷൻ എനിക്കില്ല.
നമ്മൾ ഒന്നിച്ചുള്ള ജീവിതം അസാധ്യമാണ്.

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)

61st Kerala State School Kalolsavam - Jan 03 To 07, 2023
Kozhikode

61-ാമത് കേരള സ്കൂൾ കലോത്സവം 2023 ജനുവരി 3 – 7 കോഴിക്കോട്

Item Code: 950 Participant Code: 111

എന്തൊക്കെ ആഗ്രഹിച്ചാലും, നമുക്ക് കിട്ടിയ ശാപമാണ് ഈ നാഗരൂപം, പക്ഷേ എന്തിനാൽ? നിനക്ക് അറിയാവു-ന്നതല്ലേ?

ശേഷം സ്തബ്ധനായി നിന്ന അവന് പറയാൻ മറുപടിയുണ്ടായിരുന്നില്ല. കാരണം ചിത്രനറിയാമായി-രുന്നു, മനുഷ്യർ ഒരിക്കലും നാഗങ്ങളെ ഒന്നാവാൻ സമ്മതിക്കില്ലെന്ന്.

അവന്റെ മറുപടി കാക്കാതെ അവൾ സംസാരിച്ചു-കൊണ്ടിരുന്നു: "എനിക്ക് നിന്റെ ജീവനാണ് പ്രധാനം. ഇവ പുറത്തറിഞ്ഞാൽ അവർ, അവർ നമ്മളെ കൊല്ലും, നിന്നെ മരണത്തിന് വിട്ടുകൊടുക്കാൻ എനിക്ക് സാധിക്കുകയില്ല, നീ മനസ്സിലാക്കൂ..."

അവളെ ഒന്നും പറയാതെ വാരിപ്പുണർന്നുകൊണ്ട് അവൻ പറഞ്ഞു, "അസാധ്യമാണ്, മനുഷ്യരായ നമുക്കി-ടയിൽ ഒരു മതിലുണ്ട്, പൊളിച്ചുമാറ്റാൻ കഴിയാത്ത മതിൽ, ഈ നാഗരൂപം ഞാൻ ആദ്യമായ കൈക്കൊണ്ടത് നിന്റെ മുന്നിലാണ് അവസാനമായും.

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)

61st Kerala State School Kalolsavam - Jan 03 To 07, 2023
Kozhikode

Item Code: 950 Participant Code: 111

നിന്റെ മുന്നിലേക്കണം അത്"

എന്താണെന്നു മനസ്സിലാകാതെ നേരു പറഞ്ഞു
" ചിത്രാ, നീ....."
അതു മുഴുമിപ്പിക്കാൻ സമ്മതിക്കാതെ ചിത്രൻ അവളുടെ
അധരം നുകർന്നു " നീ എന്റേതാണ്.
അവൻ/ അവൾ / അവരാരായിരുന്നു എന്ന ചോദ്യ-
-ത്തിന് നമ്മൾ എന്ത് ഉത്തരം കൊടുക്കാൻ
നമുക്ക് സാധിച്ചു. എന്നും അത് അങ്ങനെ ആകട്ടെ..

ആ മനക്കണ്ണുകളിൽ നിന്ന് കണ്ണുനീർ നിർത്താതെ
പ്രവഹിച്ചു, മുക്കത്ത് മാത്രം ബാക്കിയാക്കി നാഗരൂപം
വീണ്ടും പ്രച്ഛന്നനാക്കി തങ്ങളുടെ അവസാന ഇടങ്ങളി-
-ലേക്ക് രണ്ടു വഴികളിലായി അവർ പിരിഞ്ഞുപോയി.
തിളങ്ങുന്ന മനക്കണ്ണുകളുമായി - അടുത്ത ജന്മ-
-ത്തിലെങ്കിലും ഒന്നാവാം എന്ന പ്രതീക്ഷയോടെ,
അടങ്ങാത്ത പ്രണയവും, ഒടുങ്ങാത്ത കണ്ണീരുമായി
വിധിയിൽ ഒതുങ്ങിതീർന്ന സ്വന്തം ജന്മത്തെ ശപിച്ചു-
-കൊണ്ട്...... അവനും അവളും അവരായി !

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)